## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3016 — 18.06.2018 ൽ മറുപടിക്ക്

## കശുവണ്ടി മേഖലയിലെ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കശുവണ്ടി മേഖലയിലെ വികസനവുമായി ബന്ധപ്പെട്ട് സിയാൽ മാതൃകയിൽ ഏതെങ്കിലും കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (എ) | 49% സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടുകൂടി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട് |
| (ബി) | കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ആഭ്യന്തരമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ലഭ്യമായ സ്ഥലങ്ങളിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും അത്യുല്പാദനശേഷിയുള്ള കശുമാവിനങ്ങൾ കൃഷി ചെയ്യുന്നതിനും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരം സൗജന്യമായി കശുമാവ് തൈയും തൈ നട്ട് 2 - ാംവർഷം നിബന്ധനകൾക്ക് വിധേയമായി തൈ ഒന്നിന് 60 രൂപ പരിപാലനത്തിനായി നൽകുന്ന കശുമാവ് പുതു കൃഷി പദ്ധതിയും രണ്ട് ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി കശുമാവിൻ തൈയും നിലം ഒരുക്കുന്നതിന് സഹായമായി ഹെക്ടറിന് 13000 രൂപയും നൽകുന്ന കശുമാവ് തോട്ടനിർമ്മാണ പദ്ധതിയും നടപ്പിലാക്കിവരുന്നു.<br>ഒരു ഹെക്ടറിൽ 400 തൈ നടുന്ന ഹൈഡെൻസിറ്റി പ്ലാന്റിംഗും അത്യുല്പാദനശേഷിയുള്ള പുതിയ ഇനം കശുമാവ് തൈകൾ കൃഷി ചെയ്യുന്ന മാതൃകാകശുമാവിൻ തോട്ടങ്ങളും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിക്കാൻ കശുമാവ് വികസന ഏജൻസി ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉയരം കുറഞ്ഞ കശുമാവുകൾ കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുമെന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ പ്രോത്സാഹിപ്പിക്കുമോ; ഇതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ; | (സി) | പടർന്നു പന്തലിച്ചു വളരുന്ന വലിയ കശുമാവ് മരങ്ങൾക്കു പകരം ഒരു ഹെക്ടറിൽ 400 - ലധികം കശുമാവ് തൈകൾ കൃഷിചെയ്യാവുന്ന അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുന്നത് സ്ഥല ദൗർലഭ്യം നേരിടുന്ന കേരളത്തിന് അനുയോജ്യമാണ്. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി വഴി അധികം പൊക്കം വയ്ക്കാത്തതും പടരാത്തതും നിയന്ത്രിച്ച് വളർത്താവുന്നതുമായ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത വിവിധ ഇനം കശുമാവ് തൈകൾ വിതരണം ചെയ്തു വരുന്നുണ്ട്. ഉയരം കുറഞ്ഞ കുള്ളൻ കശുമാവുകൾ കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് കാർഷിക സർവ്വകലാശാലയ്ക്കു കീഴിലുള്ള പീലിക്കോട് കാഷ്യൂ റിസേർച്ച് സ്റ്റേഷനിൽ പഠനങ്ങൾ നടന്നു വരികയാണ്. അവിടെ വികസിപ്പിച്ചെടുത്തിട്ടുള്ള അത്യുല്പാദനശേഷിയുള്ള കുള്ളൻ തൈകൾ വാണിജ്യാടിസ്ഥാനത്തിൽ വിതരണം ചെയ്തു തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇപ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ട്; ഇതിൽ സഹകരണ മേഖലയിൽ നിന്നുള്ളവ എത്രയെണ്ണം; വ്യക്തമാക്കുമോ? | (ഡി) | അധികം പൊക്കം വയ്ക്കാത്തതും പടരാത്തതും നിയന്ത്രിച്ചു വളർത്താവുന്നതുമായ അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്ന 27 നഴ്സറികൾ കേരളത്തിലുണ്ട്. ഈ നഴ്സറികൾ കാർഷിക ഗവേഷണ സ്ഥാപനത്തിന്റെയും കൃഷിവകുപ്പിന്റേയും ആറളം ഫാം, കശുവണ്ടി വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സറികൾ ഇല്ല. |

സെക്ഷൻ ഓഫീസർ